**(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിക്ക് പരാതിപ്പെടാനുള്ള നടപടിക്രമം**

(1) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച്, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കും, സംഘടനാ പ്രതിനിധികൾക്കും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി മുമ്പാകെ ഹർജി സമർപ്പിക്കാവുന്നതാണ്.

(2) സമിതിയിൽ സമർപ്പിക്കുന്ന പരാതികൾ ബഹുമാനപ്പെട്ട സമിതി ചെയർമാനെയോ നിയമസഭാ സെക്രട്ടറിയോ സംബോധന ചെയ്തുകൊണ്ടുള്ള തായിരിക്കേണ്ടതും, ഹർജിക്കാരന്റെ വ്യക്തമായ ഉദ്ദേശ്യം കാണിച്ചുകൊണ്ട് അഭ്യർത്ഥനയോടുകൂടി ഹർജി ഉപസംഹരിക്കേണ്ടതും ആകുന്നു.

(3) ഹർജിക്കാരന്റെ പൂർണ്ണമായ മേൽവിലാസം ഹർജിയിൽ ഉണ്ടായിരി ക്കേണ്ടതാണ്.

(4) ഹർജിയിൽ, ഹർജിക്കാരന്റെ അസ്സൽ കൈയൊപ്പ് രേഖപ്പെടുത്തി യിരിക്കേണ്ടതാണ്. നിരക്ഷരനാണെങ്കിൽ ഹർജിക്കാരന്റെ വിരലടയാളം രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

(5) ഓരോ ഹർജിയും മാന്യവും വിനീതവും മിതവുമായ ഭാഷയിൽ എഴുതിയിരിക്കേണ്ടതാണ്.

(6) ഹർജിയോടൊന്നിച്ച് എഴുത്തുകളോ സത്യവാങ്മൂലമോ മറ്റ് രേഖകളോ ചേർക്കാൻ പാടില്ലാത്തതാകുന്നു.

(7) നിസ്സാര സംഗതിയെ ആസ്പദമാക്കിയിട്ടുള്ള ഹർജികൾ ആയിരിക്കരുത്.

(8) ഹർജി വിഷയം കോടതിയുടെ/ട്രിബ്യൂണലിന്റെ/കമ്മീഷന്റെ അധികാര പരിധിയിൽപ്പെടുന്നതാണെങ്കിൽ ഹർജി പരിഗണിക്കുന്നതല്ല.

(9) നിയമസഭാ സെക്രട്ടേറിയറ്റിൽ നേരിട്ടോ തപാൽ മാർഗ്ഗമോ ഹർജികൾ സമർപ്പിക്കാവുന്നതാണ്.

(ബി) **പരാതി നൽകേണ്ട മേൽവിലാസം**

ചെയർമാൻ,
പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി,
കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
വികാസ്ഭവൻ. പി.ഒ.,
തിരുവനന്തപുരം - 33.

അല്ലെങ്കിൽ

സെക്രട്ടറി,
കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
വികാസ്ഭവൻ. പി.ഒ.,
തിരുവനന്തപുരം - 33.

(സി) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിക്ക് ഹർജി നൽകുന്നതിന് മുമ്പ് ബന്ധപ്പെട്ട വകുപ്പിന് പരാതി നൽകിയിരിക്കേണ്ടതാണ്.

sk/-